പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.320 — 11.11.2019 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.മുഹമ്മദ് മുഹസിൻ. പി.

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള മാവേലി സ്റ്റോറുകളെല്ലാം മാവേലി സൂപ്പർ സ്റ്റോറുകളാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കെട്ടിടത്തിന്റെ ലഭ്യത, വിപണന സാധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ നോൺ മാവേലി ഇനങ്ങൾക്ക് സെൽഫ് സർവീസ് സൗകര്യം ലഭ്യമാക്കി പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിയ്ക്കുന്ന മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ സ്റ്റോറുകളാക്കി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഒരു മാവേലി സ്റ്റോർ പോലും ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ; അവ ഏതെല്ലാമാണ്; പ്രസ്തുത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിൽ വരാത്തതിന് കാരണം വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 18 ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിൽ ഇല്ല. അനുയോജ്യമായകെട്ടിട സൗകര്യം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള കാലതാമസം മൂലമാണ് നിലവിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ മാവേലിസ്റ്റോറുകൾ ആരംഭിയ്ക്കുവാൻ സാധിയ്ക്കാത്തത്. 18 പഞ്ചായത്തുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത സാധനങ്ങളുടെ വിപണനം വർദ്ധിപ്പിക്കുവാനും അതു വഴി സപ്ളൈകോയ്ക്കുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കാനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള ഉൽപന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും ശബരി ബ്രാൻഡിലുള്ള തേയില മെച്ചപ്പെട്ട രുചിയോടെ ബ്ലെൻഡ് ചെയ്ത് പരസ്യങ്ങൾ നൽകി വിപണിയിൽ എത്തിയ്ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേൻയുള്ള മഞ്ഞൾപ്പൊടി, മുളകുപൊടി, മല്ലിപൊടി, വിവിധയിനം കറിപൗഡറുകൾ എന്നിവ ശബരി ബ്രാൻഡിൽ വിപണിയിൽ എത്തിയ്ക്കുവാൻ 2019 ഓഗസ്റ്റ് മുതൽ സഹകരണ മേഖലയിലെ റെയ്ഡ്കോ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്, സംസ്ഥാനത്തെ 140 വിൽപ്പനശാലകളിലൂടെ ശരാശരി 40% വിലക്കുറവിൽ ഗൃഹോപകരണ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവരുന്നു. കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോ വില്പന ശാലകളിലേയ്ക്ക് ആകർഷിക്കും വിധം ഡിസ് കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്ന വിവിധ പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സബ്സിഡിരഹിത സാധനങ്ങളുടെ വിപണനം സംബന്ധിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കാൻ പരസ്യപ്രചരണങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | ഉണ്ട്. സപ്ലൈകോയുടെ തനത് ഉൽപ്പന്നമായ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിനും അതുവഴി വ്യാപക പ്രചാരം നൽകുന്നതിനും പ്രമുഖ പ്രസിദ്ധീകരണങ്ങളിലും ആനുകാലികങ്ങളിലും പരസ്യങ്ങൾ പ്രസിദ്ധീകരിച്ച് വരുന്നു. മലയാള മനോരമ ആഴ്ച പതിപ്പുമായി ചേർന്നുള്ള ഗിഫ്റ്റ് വൗച്ചർ പദ്ധതി നിലവിലുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് മാതൃഭൂമിയുമായി സഹകരിച്ച് സൂപ്പർ 10 പഞ്ചായത്ത് ഉത്സവ് എന്ന മെഗാ ഷോയിൽ പങ്കെടുത്തിരുന്നു. |
| (ഇ) | ഈ സർക്കാർ വന്നതിന് ശേഷം പുതുതായി സൂപ്പർമാർക്കറ്റുകളും പീപ്പിൾ ബസാറുകളും ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയതായി 9 സൂപ്പർ മാർക്കറ്റുകളും, 1 പീപ്പിൾസ് ബസാറും ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ 49 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 18 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 1 മാവേലി സ്റ്റോറും 3 സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറായും ഉയർത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് |
|---|---|
| 1. | അഞ്ചുതെങ്ങ് |
| 2. | മുത്തോളി |
| 3. | കാന്തല്ലൂർ |
| 4. | വട്ടവട |
| 5. | ദേവികുളം |
| 6. | പള്ളിവാസൽ |
| 7. | ഇടമലക്കുടി |
| 8. | പുത്തൂർ |
| 9. | പട്ടഞ്ചേരി |
| 10. | വടവന്നൂർ |
| 11. | പിരായിരി |
| 12. | എരുത്തേയംപതി |
| 13. | മലമ്പുഴ |
| 14. | വെങ്ങാപ്പള്ളി |
| 15. | മധൂർ |
| 16. | കുമ്പഡ്ജെ |
| 17. | പുത്തിഗൈ |
| 18. | മൊഗാൽപുത്തൂർ |

സെക്ഷൻ ഓഫീസർ